# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4013 — 21-10-2016 ൽ മറുപടിയ്ക്ക്

## വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഉമ്മർ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) കുളച്ചൽ തുറമുഖത്തിന് കേന്ദ്രാനുമതി നൽകിയ സാഹചര്യത്തിൽ വിഴിഞ്ഞം പദ്ധതിയെക്കുറിച്ചുള്ള കേരളത്തിന്റെ ആശങ്ക കേന്ദ്ര സർക്കാരിനെ അറിയിച്ചതിനു കേന്ദ്രസർക്കാർ നൽകിയ വിശദീകരണം എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ; | (എ) വിഴിഞ്ഞം തീരത്ത് നിന്ന് കേവലം 30 കിലോമീറ്റർ ദൂരത്തിൽ മറ്റൊരു ട്രാൻസ് ഷിപ്പ്മെന്റ് തുറമുഖം സ്ഥാപിക്കുന്നതിൽ സംസ്ഥാനത്തിനുള്ള ആശങ്കകൾ ചൂണ്ടിക്കാട്ടി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് കത്ത് അയയ്ക്കുകയും കൂടാതെ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ നേരിൽ കണ്ട് സംസ്ഥാനത്തിന്റെ ആശങ്ക അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് സംസ്ഥാനത്തിന് ആശങ്ക വേണ്ടെന്നും വിഴിഞ്ഞത്തിന് ആവശ്യമായ എല്ലാ സഹായങ്ങളും ലഭ്യമാക്കുമെന്നും പ്രധാനമന്ത്രി അറിയിച്ചു. |
| (ബി) എങ്കിൽ ഇക്കാര്യത്തിൽ വിഴിഞ്ഞം പദ്ധതിക്ക് അനുകൂലമായ എന്തെല്ലാം നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ ? | (ബി) ഇനയവുമായി താരതമ്യം ചെയ്യുമ്പോൾ വിഴിഞ്ഞത്തിന്റെ മത്സരക്ഷമത ഉറപ്പുവരുത്താൻ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. കൺസഷൻ കരാർ അനുശാസിക്കുന്ന എല്ലാ നടപടികളും സർക്കാരും സർക്കാരിന്റെ നിർവ്വഹണ ഏജൻസിയായ വിഴിഞ്ഞം തുറമുഖ കമ്പനിയും കൈക്കൊള്ളുന്നുണ്ട്. കൺസഷണയർക്ക് സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്നുള്ള സഹായം ഉറപ്പാക്കുന്നതിനും കൺസഷണയറുടെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിനും പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് വേണ്ടിയുള്ള തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുമായി ചീഫ് സെക്രട്ടറി അധ്യക്ഷനായ ഒരു Empowered Committee യും ഒരു Project Implementation Committee യും രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ